# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- പ്രീപ്രൈമറി സ്കൂളുകൾ, ശിശുമന്ദിരങ്ങൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(സാധാ.)നം.1269/2010/തസ്വഭവ തിരുവനന്തപുരം, തീയതി,08.04.2010.

---

പരാമർശം:-(1) സർക്കാരിന്റെ 10.11.08 - ലെ 71413/ഡിബി2/08/തസ്വഭവ നമ്പർ സർക്കുലർ.

(2) സർക്കാരിന്റെ 18.03.09 - ലെ 12923/ഡിഎ2/09/തസ്വഭവ നമ്പർ സർക്കുലർ.

(3)17.03.2010-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിന്റെ ഐറ്റം.2.11(2) നമ്പർ തീരുമാനം.

## ഉത്തരവ്

സംയോജിത ശിശുവികസന പരിപാടിയുടെ , ഭാഗമായുള്ള പോഷകാഹാരപ്രോജക്ടുകളും, ആശ്രയ അഗതികുടുംബങ്ങൾക്കുള്ള ഭക്ഷ്യധാന്യ വിതരണപ്രോജക്ടുകളും ഒഴികെ വികസനഫണ്ട്/തനത്ഫണ്ട് വിനിയോഗിച്ച് ഭക്ഷ്യധാന്യം, പോഷകാഹാരം, ഭക്ഷണം മുതലായവ വിതരണം ചെയ്യുന്നതിനുള്ള മറ്റു പ്രോജക്ടുകൾ ഒന്നുംതന്നെ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കാൻ പാടില്ലെന്ന് പരാമർശം 1 ലെ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമാക്കുകയും 2008-09 വാർഷിക പദ്ധതി ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിക്കഴിഞ്ഞ ടി പ്രോജക്ടുകളുടെ, പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ച തീയതിവരെയുള്ള, ചെലവുകൾക്ക് പരാമർശം (2) പ്രകാരം സാധൂകരണം നൽകുകയും ചെയ്തിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ശിശുമന്ദിരങ്ങളിലേയും പ്രീ-പ്രൈമറി സ്കൂളുകളിലേയും കുട്ടികൾക്ക് പോഷകാഹാരം നൽകുന്ന പദ്ധതിക്ക് അനുവാദം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ധാരാളം നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി..

മേൽവിഷയം 17.03.10 - ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ യോഗത്തിൽ ചർച്ച ചെയ്ത് പരാമർശം (3)പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകൾ, ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ശിശുമന്ദിരങ്ങൾ

എന്നിവിടങ്ങളിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള പ്രോജക്ടുകൾ വാർഷികപദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
രാജേഷ്കുമാർ സിംഗ്
സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസനകമ്മീഷണർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ , ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം
സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, ~~സ്റ്റേറ്റ് മുൻസിപ്പൽ ഹൗസ്,~~ ~~വഴുതക്കാട് പി.ഒ., തിരുവനന്തപുരം- 14~~ } ബന്ധപ്പെട്ട എല്ലാവരെയും അറിയിക്കുക
ഡയറക്ടർ, കില, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, ഓംബുഡ്സ്മാൻ, ബാർട്ടൻഹിൽ, തിരുവനന്തപുരം.

പകർപ്പ് :- തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
തദ്ദേശ സ്വയംഭരണവകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ പി.എ.
തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ആഫീസർ.